# THE SPOTLIGHT

## Voice of fathima

Fathima Arts and sciences College Moothedam

2026 JUNE

DIGITAL MAGAZINE

ISSUE#4


## എന്റെ വോട്ട് എന്റെ അഭിമാനം

മൂത്തേടം:ജനാധിപത്യപ്രക്രിയ യിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായിമൂത്തേ ടം ഫാത്തിമ ആർട്സ് ആൻ ഡ് സയൻസ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ'എന്റെവോട്ട് എന്റെ അഭിമാനം' എന്ന പേരി ൽ ബോധവൽക്കരണ പരിപാ ടി സംഘടിപ്പിച്ചു.രാജ്യത്തിന്റെ ഭാവിയെനിർണ്ണയിക്കുന്നതിൽ ഓരോ വോട്ടും വിലപ്പെട്ടതാ ണെന്ന സന്ദേശം വിദ്യാർത്ഥി കളിലെത്തിക്കുക എന്നതായി രുന്നു പരിപാടിയുടെ ലക്ഷ്യം.



എന്റെ വോട്ട് എന്റെ അഭിമാനം പരിപാടിയിൽ എൻ.എസ്.എസ് വളണ്ടിയർ അൻഷാ സത്യ പ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു

കോളേജ്എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ കെ.പി. അബ്ദുല്ലത്തീഫ് ചടങ്ങിൽ അധ്യ ക്ഷത വഹിച്ചു.സ്റ്റാഫ് സെക്രട്ടറിടി.കെ.സതീശൻ മുഖ്യപ്രഭാഷണം നടത്തി. ജനാ ധിപത്യപ്രക്രിയയിൽ പങ്കാളിക ളാവുക എന്നത് ഓരോ പൗര ന്റെയും കടമയും അവകാ ശവുമാണെന്നും, സമ്മതിദാന അവകാശം വിവേകപൂർവ്വം വിനിയോഗിക്കാൻ പുതുതല മുറ തയ്യാറാകണമെന്നും അദ്ദേ ഹം അഭിപ്രായപ്പെട്ടു.

പരിപാടിയുടെ ഭാഗമായി നടന്ന സത്യപ്രതിജ്ഞാ ചടങ്ങിന് എൻ.എസ്.എസ് വളണ്ടിയർ അൻഷാ നേതൃത്വം നൽകി. വരും തെരഞ്ഞെടുപ്പുകളിൽ ഉത്തരവാദിത്തപ്പെട്ട പൗരന്മാരായി വോട്ട് രേഖപ്പെടുത്തു മെന്ന് വിദ്യാർത്ഥികൾ പ്രതിജ്ഞയെടു ത്തു. ചടങ്ങിൽ വളണ്ടിയർമാരായ ഷിഫ്ന, പൂജ തുടങ്ങിയവർ സംസാരിച്ചു.

## അന്താരാഷ്ട്ര മയക്കു മരുന്ന് വിരുദ്ധ ദിനം



വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുന്നു

മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കോളേജ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃതകടത്തി നും എതിരായ അന്താരാഷ്ട്ര മയക്കു മരുന്ന് വിരുദ്ധ ദിനം ആചരിച്ചു. കോളേജി ലെ എൻഎസ്എസ് യൂണിറ്റുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്

കോളേജ് പ്രിൻസിപ്പൽ ഡോ.ഫാ.ഷിബിൻ പി.ജെയിംസ് ദിനാചരണം ഉദ്ഘാടനം ചെയ്തു.കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, ബർസാർ ഫാ.സബിൻ എബ്രഹാം, സൈക്കോളജി വിഭാഗം അധ്യാപിക കെ.നീതു,എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർ വി.ആർ.കാവ്യ തുടങ്ങിയവർ സംസാരിച്ചു. പ്ലേ കാർഡ് പ്രദർശനം, ഫ്ലാഷ് മോബ് എന്നിവ അവതരിപ്പിച്ചു

# ലോകകപ്പ് ഗാലറി










# ലഹരിക്കെതിരെ കൈകോർത്ത് എൻ.എസ്. എസ്. യൂണിറ്റ്

മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചര ണം സംഘടിപ്പിച്ചു. കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ 'നശാമുക്ത് ഭാരത് അഭിയാൻ' പദ്ധതിയുമായി സഹകരിച്ചാ ണ് പരിപാടി നടത്തിയത്.

കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. ഷിബിൻ പി. ജെയിംസ് ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു.ക്യാമ്പസുകളിൽ വർധിച്ചു വരുന്ന ലഹരി വിപത്തിനെതിരെ വിദ്യാർത്ഥികൾ ജാഗ്രത പാലിക്ക ണമെന്ന് അദ്ദേഹം ഓർമ്മിപ്പി ച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ കെ. പി. അബ്ദുൾ ലത്തീഫ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.തുടർന്ന് വിദ്യാർത്ഥി കൾക്കായി നടന്ന ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നിലമ്പൂ ർ സിവിൽ എക്സൈസ് ഓഫീസർ രാജേഷ് ക്ലാസിന് നേതൃത്വം നൽകി. ലഹരിവസ്തു ക്കളുടെ ഉപയോഗം വ്യക്തി കളിലും കുടുംബ ങ്ങളിലും സമൂഹത്തിലും ഉണ്ടാക്കുന്ന ഗുരുതര മായ പ്രത്യാഘാത ങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

അസി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ വി. ആർ.കാവ്യ,എൻ.എസ്. എസ് വളണ്ടിയർമാരായ പൂജ,അൻഷ,ജീവൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. അധ്യാപകരും വിദ്യാർത്ഥികളും പരിപാടി യിൽ പങ്കെടുത്തു.




**ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രികയിലേക്കുള്ള സൃഷ്ടികൾ 7594932104 എന്ന നമ്പറലേക്ക് വാട്സ് ആപ്പ് ചെയ്യുക**

# പി.എൻ. പണിക്കർ അനുസ്മരണവും വായന പക്ഷാചരണ സമാപനവും




## ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ ഫാ. ഷിബിൻ പി. ജെയിംസ്

മൂത്തേടം: മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിൽ പി.എൻ. പണിക്കർ അനുസ്മരണവും വായന പക്ഷാചരണ സമാപനവും പ്രൗഢ ഗംഭീരമായി സംഘടിപ്പിച്ചു. കോളേജിലെ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തി ലാണ് പരിപാടി ഒരുക്കിയത്.വായന പക്ഷാചരണ സമാപനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ ഫാ. ഷിബിൻ പി. ജെയിംസ് നിർവ്വഹിച്ചു. മലയാള വിഭാഗം മേധാവി എം. ശ്രീലത ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രശസ്ത കവിയും അധ്യാപകനും യാത്രികനുമായ സുരേഷ് നടുവത്ത് മുഖ്യതിഥിയായി പങ്കെടുത്ത് പി.എൻ. പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി. വായനയുടെ പ്രാധാന്യത്തെയും അതിന്റെ സമകാലിക പ്രസക്തിയെയും കുറിച്ച് അദ്ദേഹം വിദ്യാർത്ഥികളോട് സംസാരിച്ചു.പുതിയ കാലഘട്ടത്തിൽ ഡിജിറ്റൽ മാധ്യമങ്ങൾ സജീവമാകുമ്പോഴും അറിവിന്റെയും ചിന്തയുടെയും ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പുസ്തക വായനയ്ക്ക് മാത്രമേ സാധിക്കൂ എന്നും, വായന കേവലം ഒരു ശീലമല്ല മറിച്ച് മനുഷ്യനെ സംസ്കരിച്ചെടുക്കുന്ന പ്രക്രിയയാണെന്നും അദ്ദേഹം കൂട്ടിചേർത്തു

കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, ബർസാർ ഫാ. സബിൻ എബ്രഹാം എന്നിവർ ചടങ്ങിൽ വായനാ സന്ദേശം നൽകി. ഐ.ക്യു.എ.സി (IQAC) കോ-ഓർഡിനേറ്റർ ഡോ. നാജിയ ബീഗം, ട്രാവൽ ആന്റ് ടൂറിസം വിഭാഗം മേധാവി ഫിലിപ്പ് നൈനാൻ, മലയാള വിഭാഗം അധ്യാപകരായ ടി. അഞ്ജന, എ .ഷിഫ്ന എന്നിവർ സംസാരിച്ചു.
തുടർന്ന് നടന്ന സെഷനിൽ രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി എം. കെ. നിധന്യ, മലയാള വിഭാഗം അധ്യാപകൻ ടി. കെ. സതീശൻ എന്നിവർ തങ്ങളുടെ വായനാനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. മലയാളം ബിരുദ വിദ്യാർത്ഥിനികളായ കെ.പി.ശ്രീനന്ദ സ്വാഗതവും എ. പി. അഖില നന്ദിയും രേഖപ്പെടുത്തി. കോളേജിലെ മറ്റ് അധ്യാപകരും വിദ്യാർത്ഥികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.




ഉദ്ഘാടന സദസ്




സുരേഷ് നടുവത്ത്

# FYUGP സംസ്ഥാനതല ഉദ്ഘാടന തത്സമയ സംപ്രേക്ഷണം




മൂത്തേടം: കേരളത്തിലെഉന്നതവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട്, 2026-27 അധ്യയന വർഷത്തെ ഫോർ ഇയർ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമിന്റെ (FYUGP) സംസ്ഥാനതല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ നിർവഹിച്ചു. ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഫാത്തിമ കോളേജിൽ വിപുലമായ രീതിയിൽ തത്സമയ സംപ്രേക്ഷണം ഒരുക്കി.
കോളേജിലെ സ്മാർട്ട് റൂമിൽ വെച്ച് നടന്ന ചടങ്ങിൽ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു. പുതിയ വിദ്യാഭ്യാസ രീതിയെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് കൃത്യമായ അവബോധം നൽകാൻ ഈ ലൈവ് സംപ്രേക്ഷണത്തിലൂടെ സാധിച്ചു.
ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. ഷിബിൻ പി. ജെയിംസ്, ബർസാർ ഫാ. സബിൻ എബ്രഹാം, കോളേജ് സൂപ്രണ്ട് ജോസ് പറക്കുന്നാനം, ഐ.ക്യു.എ.സി കോ-ഓർഡിനേറ്റർ ഡോ. നാജിയ ബീഗം, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ കെ. പി. അബ്ദുൾ ലത്തീഫ്, ട്രാവൽ ആൻഡ് ടൂറിസം വിഭാഗം മേധാവി ഫിലിപ്പ് നൈനാൻ തുടങ്ങിയവർ പങ്കെടുത്തു

പ്രിയപ്പെട്ടവരെ

ഫാത്തിമ കോളേജ് ലൈബ്രറിയുടെ ഡിജിറ്റൽ മാഗസിനായ 'Spotlight'-ന്റെ പുതിയ അധ്യയന വർഷത്തെ ആദ്യ പതിപ്പ് നിങ്ങളുടെ കൈകളിലേക്ക് എത്തിക്കുകയാണ്. ഒരു നീണ്ട വേനലവധിക്ക് ശേഷം കാമ്പസ് വീണ്ടും സജീവമാകുന്ന ഈ വേളയിൽ, അറിവിന്റെയും വായനയുടെയും പുതിയൊരു വാതിൽ തുറക്കുകയാണ് 'Spotlight'.
അവധിക്കാലത്തിന്റെ ആലസ്യവും പരിമിതികളും ഉണ്ടായിരുന്നതിനാൽ ഈ ആദ്യ പതിപ്പിൽ വിഭവങ്ങൾ കുറച്ചു പരിമിതമാണെന്ന കാര്യം ഞങ്ങൾ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.
ഇതൊരു തുടക്കം മാത്രമാണ്; വരാനിരിക്കുന്ന വലിയൊരു സർഗ്ഗാത്മക യാത്രയുടെ ആദ്യ ചുവടുവെപ്പ്!
"തുടക്കങ്ങൾ എപ്പോഴും ചെറുതായിരിക്കാം, എന്നാൽ അവയ്ക്കുള്ളിൽ വലിയൊരു നാളെയുടെ വിത്തുകളുണ്ടാകും."
ഇനി ഈ മാഗസിൻ മുന്നോട്ട് പോകേണ്ടത് നിങ്ങളിലൂടെയാണ്. നമ്മുടെ കാമ്പസിലെ പ്രതിഭകളുടെ സർഗ്ഗാത്മകമായ രചനകൾ (കവിതകൾ, കഥകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ), ക്യാമ്പസ് വിശേഷങ്ങൾ, പുസ്തക പരിചയങ്ങൾ എന്നിവയെല്ലാം കൊണ്ടും ഈ ഡിജിറ്റൽ ഇടം ഇനിയും സമ്പന്നമാകേണ്ടതുണ്ട്. നിങ്ങളുടെ ചിന്തകൾക്കും സർഗ്ഗവൈഭവത്തിനും പ്രകാശിക്കാൻ പറ്റിയ ഏറ്റവും മികച്ച വേദിയായി 'Spotlight' മാറും എന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു.

നിങ്ങളുടെ മികച്ച സൃഷ്ടികളും നിർദ്ദേശങ്ങളും വരും പതിപ്പുകൾക്കായി പ്രതീക്ഷിച്ചുകൊണ്ട്...
ഈ കൊച്ചു പതിപ്പ് വായനയ്ക്കായി സമർപ്പിക്കുന്നു.

**സ്നേഹപൂർവ്വം,**
എഡിറ്റോറിയൽ ബോർഡ്
ഫാത്തിമ കോളേജ് ലൈബ്രറി

സെൽഫി സ്പോട്ടിലേക്ക്
നിങ്ങൾക്കും
സെൽഫികൾ അയക്കാം

